**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4218** **18-03-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ് നടത്താത്തത് മൂലം ആയിരക്കണക്കിന് ഗുണഭോക്താക്കൾക്ക് പെൻഷൻ നഷ്ടമായിട്ടുള്ളത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കിടപ്പുരോഗികളായവർക്ക് ഉൾപ്പടെ പെൻഷൻ നഷ്ടമായ സാഹചര്യം പരിശോധിച്ച് നഷ്ടമായ മാസങ്ങളിലെ പെൻഷൻ നൽകുന്നതിന് അനുഭാവപൂർവ്വമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ 2023 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വാർഷിക മസ്റ്ററിംഗ് പൂർത്തിയാക്കാൻ 25.06.2024 മുതൽ 30.09.2024 വരെ സമയം അനുവദിച്ച് നൽകിയിരുന്നു. വിവിധ കാരണങ്ങളാൽ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത കിടപ്പു രോഗികൾ, 80 വയസ്സിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം അറിയിക്കുന്ന പക്ഷം, അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി 50/- രൂപ നിരക്കിൽ ഫീസ് ഈടാക്കി മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നൽകേണ്ടതാണെന്ന് 28.03.2023-ലെ സ.ഉ(എംഎസ്)നം.58/2023/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ആയത് ഉറപ്പു വരുത്തുന്നതിന് അക്ഷയ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ, നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.<br><br>മസ്റ്ററിംഗ് ചെയ്യുന്നതിൽ വന്ന കാലതാമസം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പെൻഷൻ കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ കുടിശ്ശിക വ്യക്തിഗതമായി അനുവദിക്കാൻ കഴിയില്ലായെന്നും, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി, കുടിശ്ശിക വിതരണത്തിനായി സർക്കാർ ഫണ്ട് കണ്ടെത്തി ആയത് അനുവദിക്കുമ്പോൾ മാത്രമേ കുടിശ്ശിക |

| | | | |
|---|---|---|---|
| | | | **അനുവദിക്കുവാൻ കഴിയുകയുള്ളു എന്നും 07.10.2022-ലെ സ.ഉ.(എംഎസ്) നം.174/2022/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇപ്രകാരം കുടിശ്ശിക അനുവദിക്കുമ്പോൾ, യഥാസമയം മസ്റ്ററിംഗ് ചെയ്യാതിരുന്നവർക്ക് അർഹതയുള്ള പക്ഷം കുടിശ്ശിക ലഭിക്കുന്നതാണ്.** |
| (ബി) | മസ്റ്ററിംഗ് നടത്താത്തത് മൂലം പെൻഷൻ നഷ്ടമായ സാഹചര്യം പരിശോധിച്ച് നഷ്ടമായ മാസങ്ങളിലെ പെൻഷൻ നൽകുന്നതിന് ഏതെങ്കിലും കേസുകളിൽ സർക്കാർ പ്രത്യേക ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ പ്രത്യേക അനുമതി നൽകുന്നത്; ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ പ്രത്യേക അനുമതി നൽകിയ എത്ര കേസുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | **ഇല്ല .** |
| (സി) | അറിവില്ലായ്മകൊണ്ടും കിടപ്പുരോഗികളായതുകൊണ്ടും ഉൾപ്പെടെയുള്ള കാരണങ്ങളാൽ പെൻഷൻ നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കുവാൻ മസ്റ്ററിംഗ് പൂർത്തിയാക്കിയ എല്ലാവർക്കും എല്ലാ മാസത്തേയും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | **വിവിധ കാരണങ്ങളാൽ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത കിടപ്പ രോഗികൾ, 80 വയസ്സിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം അറിയിക്കുന്ന പക്ഷം, അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി 50/- രൂപ നിരക്കിൽ ഫീസ് ഈടാക്കി മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നൽകേണ്ടതാണെന്ന് 28.03.2023-ലെ സ.ഉ(എംഎസ്)നം.58/2023/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ആയത് ഉറപ്പ വരുത്തുന്നതിന് അക്ഷയ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.**<br><br>**നിലവിൽ ഒരോ മാസത്തേയും പെൻഷൻ വിതരണത്തിനായുള്ള ബില്ല് തയ്യാറാക്കുന്ന സമയം വരെ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ അനുവദിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ